"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- കൊച്ചി നഗരസഭയുടെ ഫോർട്ട് കൊച്ചി സോണൽ ഓഫീസിൽ നടത്തിയ മിന്നൽപരിശോധന ജീവനക്കാർക്കെതിരായി ആരംഭിച്ച അച്ചടക്കനടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2434/2024/LSGD തീയതി,തിരുവനന്തപുരം, 11-12-2024

പരാമർശം:-

1. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 06.06.2019 തീയതിയിലെ ഇ10(എസ്.സി. 3/19/ഇകെഎം) 14683/18 നമ്പർ കത്ത്.
2. 25.06.2020തീയതിയിലെ ഇയു2/444/2019/തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ/പത്രിക
3. തദ്ദേശസ്വയംഭരണ അർബൻ ഡയറക്ടറുടെ 13.12.2022 തീയതിയിലെ DUA/4281/2022-V3 നമ്പർ റിപ്പോർട്ട്.
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 26.07.2024 തീയതിയിലെ LSGD/PD/23071/2024-VIGC4 നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം തോപ്പുംപടി ഭാഗത്തെ വെയ്റ്റിംഗ് ഷെഡ് നിർമ്മാണത്തിൽ അഴിമതി നടന്നതായ ശ്രീ. മനാഫ് എന്നയാളുടെ പരാതിയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 08.02.2019 തീയതിയിൽ കൊച്ചി നഗരസഭയുടെ ഫോർട്ട് കൊച്ചി സോണൽ ഓഫീസിൽ നടത്തിയ മിന്നൽപരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ ഉത്തരവാദികളായ ജീവനക്കാർക്കെതിരേ നടപടി സ്വീകരിക്കുന്നതിന് പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തിരുന്നു. മിന്നൽ പരിശോധനയിൽ കൊച്ചി നഗരസഭയുടെ ഫോർട്ട് കൊച്ചി സോണൽ ഓഫീസിലെ ജീവനക്കാരായ, സീനിയർ ക്ലാർക്ക് ശ്രീ. കെ.കെ. ശ്യാം, ഓഫീസ് അസിസ്റ്റന്റുമാരായ ശ്രീ. പി. രതീഷ് ചന്ത് , ശ്രീ. എം.വി. അനിൽകുമാർ ഡ്രൈവർ ശ്രീ. ആന്റണി എബ്രഹാം എന്നിവർ 08.02.2019 തീയതിയിൽ ഹാജർ കോളത്തിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ലായെന്നും ടി കോളങ്ങളിൽ കാഷ്വൽ ലീവ് മാർക്ക് ചെയ്തിട്ടില്ലായെന്നും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാളുകൾക്കെതിരേ അച്ചടക്കനടപടി ആരംഭിച്ചതിന്റെ ഭാഗമായി പരാമർശം 2 പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നു.

2. കുറ്റാരോപണ മെമ്മോ /പത്രികയ്ക്ക് മേൽ ജീവനക്കാർ സമർപ്പിച്ച പ്രതിവാദപത്രികകളുടെയും, 2019 ഫെബ്രുവരി മാസത്തെ അറ്റൻഡൻസ് രജിസ്റ്റർ പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ കൊച്ചി നഗരസഭാ സെക്രട്ടറി ലഭ്യമാക്കിയിട്ടുള്ള

റിപ്പോർട്ട് പ്രകാരം പരാമർശം 3 പ്രകാരം തസ്വഭവ അർബൻ ഡയറക്ടർ അഭിപ്രായറിപ്പോർട്ട് സമർപ്പിച്ചിരുന്നു.

3. തദ്ദേശസ്വയംഭരണ വകുപ്പ് അർബൻ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ഫോർട്ട് കൊച്ചി സോണൽ ഓഫീസിലെ 2019 ഫെബ്രുവരി മാസത്തെ അറ്റൻഡൻസ് രജിസ്റ്റർ പരിശോധിച്ചതിൽ സീനിയർ ക്ലാർക്കായ ശ്രീ.കെ.കെ.ശ്യാം 08.02.2019 വെള്ളിയാഴ്ചയും രണ്ടാം ശനി, ഞായർ എന്നീ ദിവസങ്ങളെ തുടർന്നുള്ള 11.02.2019 തിങ്കളാഴ്ചയും ആകസ്മികാവധിയിലായിരുന്നു എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണ് എന്നും അപ്രതീക്ഷിതമായ ചില കാരണങ്ങളാൽ ആകസ്മികാവധിയിലായിരുന്ന ടിയാൻ തൊട്ടടുത്ത ദിവസം ഓഫീസിൽ ഹാജരായി ടി അവധിക്കുള്ള അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ആയതു അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ അംഗീകരിച്ചിട്ടുള്ളതുമാണെന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നതായി അറിയിക്കുന്നു.

4. ഓഫീസ് അറ്റൻഡന്റായ ശ്രീ പി രതീഷ് ചന്ത് 08.02.2019 തീയതിയിൽ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയറുടെ നിർദ്ദേശ പ്രകാരം ഓഫീസ് സംബന്ധമായ ആവശ്യങ്ങൾക്കായി കെ.എസ്.സി.ബി തോപ്പുംപടി ഓഫീസിൽ ബിൽ അടയ്ക്കുന്നതിന് ചെക്ക് നൽകുവാൻ പോയിട്ടുള്ളതും ആയതിനുശേഷം 11.20 ന് ഓഫീസിൽ തിരിച്ചെത്തി സമയം രേഖപ്പെടുത്തി രജിസ്റ്ററിൽ ഒപ്പ് വച്ചിട്ടുള്ളതാണെന്നും നഗരസഭയുടെ ആസ്ഥാന മന്ദിരത്തിലേക്കും തിരിച്ചും ഫയലുകൾ കൈമാറുന്നതും കെ. എസ്.സി.ബി, കേരളാ വാട്ടർ അതോറിറ്റി എന്നീ ഓഫീസുകളിലേയ്ക്കും വിവിധ ആവശ്യങ്ങൾക്കായി പോകുന്നതും ഓഫീസ് അറ്റൻഡന്റായ ശ്രീ പി രതീഷ് ചന്ദിന്റെ ഡ്യൂട്ടിയിൽപ്പെടുന്നതാണെന്നും നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നതായി അറിയിക്കുന്നു.

5. ഓഫീസ് അറ്റൻഡന്റായ ശ്രീ എം വി അനിൽ കുമാർ 08.02.2019 ന് ആകസ്മിക അവധിയിലായിരുന്നതിനാൽ ടിയാൻ തൊട്ടടുത്ത ദിവസം ഓഫീസിൽ ഹാജരായി ടി അവധിക്കുള്ള അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ആയതു അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ അംഗീകരിച്ചിട്ടുള്ളതുമാണ്.

6. ഡ്രൈവർ ശ്രീ ആന്റണി എബ്രഹാം അന്നേ ദിവസം ജോലിയ്ക്ക് ഹാജരായിരുന്നു എങ്കിലും ചില ശാരീരിക ബുദ്ധിമുട്ടുകൾ അനുഭവപ്പെട്ടത് മൂലം മേലധികാരിയുടെ അനുവാദത്തോടെ വൈദ്യപരിശോധനയ്ക്കായി ഓഫീസ് വിട്ടു പോയിട്ടുള്ളതായും ടിയാളുകൾ സമർപ്പിച്ച ലീവ് അപേക്ഷകൾ ടി വിഭാഗം മേധാവി കൂടിയായ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ അംഗീകരിച്ചിട്ടുള്ളതും ലീവ് അപേക്ഷ രജിസ്റ്ററിൽ സൂക്ഷിക്കപ്പെട്ടിട്ടുള്ളതായും, 2019 ലെ കാഷ്വൽ ലീവ് രജിസ്റ്റർ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിച്ചിട്ടുള്ളതായും കാണുന്നു എന്നും ആയതിനാൽ മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ മേൽ ജീവനക്കാരുടെ ഭാഗത്തുനിന്നും മന:പൂർവ്വമായ പിഴവുകൾ ഉണ്ടായിട്ടില്ല എന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ് എന്നറിയിക്കുന്നു.

7. കൊച്ചി നഗരസഭാ സെക്രട്ടറി സമർപ്പിച്ച വസ്തുതകൾ പരിഗണിച്ച് കൊച്ചി നഗരസഭയിലെ സീനിയർ ക്ലാർക്ക് ശ്രീ കെ കെ ശ്യാം, ഓഫീസ് അറ്റൻഡന്റുമാരായ ശ്രീ പി രതീഷ് ചന്ത്, ശ്രീ എം വി അനിൽ കുമാർ,ഡ്രൈവർ ശ്രീ ആന്റണി എബ്രഹാം എന്നീ ജീവനക്കാരുടെ പേരിലുള്ള അച്ചടക്ക നടപടികൾ തീർപ്പാക്കാവുന്നതാണെന്ന് തസ്വഭവ അർബൻ ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

8. സർക്കാർ ഇക്കാര്യം കുറ്റാരോപണ മെമ്മോ/പത്രികയ്ക്ക് ജീവനക്കാർ സമർപ്പിച്ച പ്രതിവാദപത്രികയിൽ കൊച്ചി നഗരസഭാ സെക്രട്ടറിയുടെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിലുള്ള

തസ്വഭവ അർബൻ ഡയറക്ടറുടെ അഭിപ്രായറിപ്പോർട്ട് പ്രകാരം പരിശോധിച്ചതിൽ കൊച്ചി നഗരസഭയുടെ ഫോർട്ട് കൊച്ചി സോണൽ ഓഫീസിലെ ജീവനക്കാരായ, സീനിയർ ക്ലാർക്ക് ശ്രീ. കെ.കെ. ശ്യാം , ഓഫീസ് അറ്റൻഡന്റുമാരായ ശ്രീ. പി. രതീഷ് ചന്ത്, ശ്രീ. എം.വി. അനിൽകുമാർ ഡ്രൈവർ ശ്രീ. ആന്റണി എബ്രഹാം എന്നിവർ 08.02.2019 തീയതിയിൽ ഹാജർ കോളത്തിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ലായെന്നും ടി കോളങ്ങളിൽ കാഷ്വൽ ലീവ് മാർക്ക് ചെയ്തിട്ടില്ലായെന്നുമുള്ള വിജിലൻസ് കണ്ടെത്തലുകളിൽ മേൽ ജീവനക്കാരുടെ ഭാഗത്ത് നിന്നും മന:പൂർവ്വമായ വീഴ്ചകൾ ഉണ്ടായിട്ടില്ലായെന്ന് കാണുന്നു. കൂടാതെ മേൽ ജീവനക്കാർക്കെതിരേ ഗുരുതരമായ ക്രമക്കേടുകളൊന്നും വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയിരുന്നില്ലാത്തതുമാണ്.

9. മേൽ സാഹചര്യത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 08.02.2019 തീയതിയിൽ കൊച്ചി നഗരസഭയുടെ ഫോർട്ട് കൊച്ചി സോണൽ ഓഫീസിൽ നടത്തിയ മിന്നൽപരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ കൊച്ചി നഗരസഭയുടെ ഫോർട്ട് കൊച്ചി സോണൽ ഓഫീസിലെ സീനിയർ ക്ലാർക്ക് ശ്രീ. കെ.കെ. ശ്യാം , ഓഫീസ് അറ്റൻഡന്റുമാരായ ശ്രീ. പി. രതീഷ് ചന്ത്, ശ്രീ.എം.വി. അനിൽകുമാർ ഡ്രൈവർ ശ്രീ. ആന്റണി എബ്രഹാം എന്നിവർക്കെതിരെ ആരംഭിച്ച അച്ചടക്കനടപടിയിൽ തുടർനടപടി അവസാനിപ്പിച്ചുകൊണ്ട് അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ , തിരുവനന്തപുരം
ഡയറക്ടർ, കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ. കെ.കെ. ശ്യാം , സീനിയർ ക്ലാർക്ക്, ഫോർട്ട് കൊച്ചി സോണൽ ഓഫീസ്, കൊച്ചി നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ശ്രീ. പി. രതീഷ് ചന്ത്, ഓഫീസ് അറ്റൻഡന്റ്, ഫോർട്ട് കൊച്ചി സോണൽ ഓഫീസ്, കൊച്ചി നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ശ്രീ. എം.വി. അനിൽകുമാർ, ഓഫീസ് അറ്റൻഡന്റ്, ഫോർട്ട് കൊച്ചി സോണൽ ഓഫീസ്, കൊച്ചി നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ശ്രീ. ആന്റണി എബ്രഹാം, ഡ്രൈവർ, ഫോർട്ട് കൊച്ചി സോണൽ ഓഫീസ്, കൊച്ചി നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 13-12-2024 10:04:32
സെക്ഷൻ ഓഫീസർ